അദ്ധ്യായം 7

# മണിയങ്ങാട്ടു തമ്പഴ കുടുംബം

മണിയങ്ങാട്ടു ലൂക്കാ - അന്ന എന്നിവരുടെ ദ്വിതീയ പുത്രൻ ഔസേപ്പ് കാഞ്ഞിരപ്പള്ളി പന്തിരുവേലിൽ ചാക്കോ - ഏലി എന്നിവരുടെ ഇളയമകൾ അന്നയെ സ്വവധുവാക്കി. വിവാഹഘട്ടത്തിൽ ഔസേപ്പിന് 13 വയസ്സും അന്നയ്ക്ക് 12 വയസ്സുമായിരുന്നു പ്രായം.

ഔസേപ്പ് - അന്ന ദമ്പതികൾക്ക് ലൂക്കാ, ചാക്കോ, ജോസഫ്, അന്ന, ഏലി, മറിയം, തൊമ്മൻ എന്നിങ്ങനെ ഏഴുമക്കൾ ജനിച്ചു. പിതാവ് ഔസേപ്പ് കൊല്ലവർഷം 1114 മേടം 27-നും മാതാവ് അന്ന 1112 മേടം 2-നും ചരമം പ്രാപിച്ചു.



ലൂക്കാ ഔസേപ്പ്



ഔസേപ്പ് ലൂക്കാ



ഏലി ലൂക്കാ

മൂത്തമകൻ ലൂക്കാ മറ്റക്കര കൊച്ചുമഠത്തിൽ ഔസേപ്പ് - മറിയ ദമ്പതികളുടെ രണ്ടാമത്തെ മകൾ ഏലിയെ കല്യാണം കഴിച്ചു. ഈ കുടുംബം ആദ്യകാലത്ത് തമ്പഴത്തറവാട്ടിലും പിന്നീട് ഇളങ്ങോയിലും അനന്തരകാലത്ത് വാകമല നെഗരിയേൽ പുരയിടത്തിലും താമസിച്ചു.

ഈ ദമ്പതികൾക്കു പത്തുമക്കൾ ജനിച്ചു. അന്ന (കുഞ്ഞുപെണ്ണ്) മേരി (മാമ്മി) കുഞ്ഞേലി, ജോസഫ്, റോസ (ഒറോത) ചാണ്ടി, ചാക്കോച്ചൻ, മോനിക്കാ, കൊച്ചുത്രേസ്യാ- തോമസ് എന്നിവരായിരുന്നു മക്കൾ.

മൂത്തമകൾ അന്നയെ മൂഴൂർ തുളുമ്പൻ മാക്കൽ മത്തായി - മറിയം ദമ്പതികളുടെ പുത്രൻ ജോസഫ് വിവാഹം ചെയ്തു.

ഇവർക്ക് എട്ടുമക്കൾ ഉണ്ടായി. മത്തക്കുട്ടി, മേരി, ലൂക്കാ, മാമ്മച്ചൻ, ജോസ്, ആന്റണി, കൊളംബസ്, ലിസമ്മ എന്നിവർ.

1950 ആഗസ്റ്റ് 13-ാം തീയതി മാതാവ് അന്നയും 1987 ഡിസംബർ 9-ാം തീയതി പിതാവ് ജോസഫും പരലോകപ്രാപ്തരായി.

അന്ന - ജോസഫ് എന്നിവരുടെ മൂത്തമകൻ മത്തക്കുട്ടി കൊഴുവനാൽ മാമ്പുഴയ്ക്കൽ ചാക്കോ - കത്രി എന്നിവരുടെ മകൾ മേരിയെ സ്വകുടുംബിനിയാക്കി. ഇവർക്ക് രണ്ടാണും രണ്ടുപെണ്ണും മക്കൾ. സോണിയാ എന്ന മകൾ ക്ലാരസഭയിൽ ചേർന്ന് ജർമ്മനിയിൽ സേവനം അനുഷ്ഠിക്കുന്നു.

അന്ന - ജോസഫ് എന്നിവരുടെ രണ്ടാമത്തെ മകൾ മേരിയെ കട്ടച്ചിറ പൊറ്റേടത്ത് ചാക്കോ - ത്രേസ്യാ ദമ്പതികളുടെ പുത്രൻ ജോൺ മംഗല്യം ചാർത്തി. അവർക്ക് നാലുപുത്രന്മാരും ഒരു പുത്രിയും മക്കളായുണ്ട്.

അന്ന - ജോസഫ് ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ ലൂക്കാ ചെങ്ങളംപറമ്പുകാട്ടിൽ ചാക്കോ - ത്രേസ്യാദമ്പതിമാരുടെ മകൾ ചിന്നമ്മയെ സ്വകുടുംബിനിയാക്കി. ഈ കുടുംബം മുംബെയിൽ താമസിക്കുന്നു. ഇവർക്ക് ഒരു പുത്രനും നാലുപുത്രിമാരും ഉണ്ട്.

അന്ന - ജോസഫ് ദമ്പതികളുടെ നാലാമത്തെ സന്താനം മാമ്മച്ചൻ എം.സി.ബി.എസ്. സന്യാസസഭയിൽ ചേർന്നു വൈദികനാ

യി. ഇപ്പോൾ തൃശൂർ ആശ്രമത്തിൽ പ്രാർത്ഥനാജീവിതം നയിക്കുന്നു.

അഞ്ചാമത്തെ സന്താനമായ ജോസ് അതിരമ്പുഴ പുത്തൂർ പറമ്പിൽ മാത്യു - അന്ന എന്നിവരുടെ പുത്രി ദീനാമ്മയെ പരിണയിച്ചു. ഈ ദമ്പതികൾക്ക് ഒരു പുത്രിയും രണ്ടുപുത്രന്മാരും ഉണ്ട്. ഈ കുടുംബം മൂഴൂർ താമസിക്കുന്നു.

ആറാമത്തെ സന്താനമായ ആന്റണി വയലാ ചാത്തൻകണ്ടത്തിൽ തോമസ് മറിയം മകൾ മേരിയെ സ്വവധുവാക്കി. ഈ ദമ്പതികൾക്ക് ഒരാണും മൂന്നുപെണ്ണും മക്കൾ. ഈ കുടുംബം കണ്ണൂർ ജില്ലയിൽ കൊന്നക്കാട്ടു താമസിക്കുന്നു.

ഏഴാമത്തെ സന്താനമായ കൊളംബസ് കോഴഞ്ചേരി ചേർക്കുളത്തു കോശി - ഏലിയാമ്മ മകൾ ലീലയെ സഹധർമ്മിണിയാക്കി. ലീല നഴ്സ് ആണ്. ഇവർക്ക് രണ്ടുപെൺമക്കൾ ഉണ്ട്. ഈ കുടുംബം കർണ്ണാടകത്തിലാണ് താമസം.

അന്ന - ജോസഫ് ദമ്പതികളുടെ എട്ടാമത്തെ സന്താനമായ ലിസമ്മ അരീപ്പറമ്പ് പാത്രപാങ്കൽ മത്തായി - മറിയം ദമ്പതികളുടെ പുത്രൻ ജോസഫിന്റെ ധർമ്മദാരങ്ങളാണ്. ഇവർക്ക് രണ്ടു പുത്രിമാരും ഒരു പുത്രനും സന്താനങ്ങളായുണ്ട്.

ലൂക്കാ - ഏലി ദമ്പതികളുടെ രണ്ടാമത്തെ പുത്രിമേരി (മാമ്മി) യെ ചെങ്ങളം വലിയപറമ്പിൽ കരോട്ട് പോത്തൻ-മറിയം ദമ്പതികളുടെ ഏകപുത്രൻ ആന്റണി 1109 മകരം 14-ാം തീയതി വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്നുപുത്രന്മാരും അഞ്ചുപുത്രിമാരും ഉണ്ട്.

ഇവരിൽ മൂത്തമകൾ മേരിയെ കണ്ണാടിപ്പാറ മത്തായി - ഏലി മകൻ എബ്രാഹം വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് മൂന്നുമക്കൾ. രണ്ടാണും ഒരു പെണ്ണും.

രണ്ടാമത്തെ മകൾ ഏലിക്കുട്ടി സെന്റ് പോൾസ് സന്യാസസഭയിൽ ചേർന്ന് ഫീദെസ് എന്ന സന്യാസനാമം സ്വീകരിച്ച് അർപ്പിത ജീവിതം നയിക്കുന്നു.

മൂന്നാമത്തെ മകൾ അന്നമ്മയെ തമ്പലക്കാട് ചെമ്പനാൽ ജോസഫ് - മോനിക്കാ മകൻ അഗസ്റ്റിൻ മംഗല്യം ചാർത്തി. ഇവർക്ക്

നാലുപുത്രന്മാരാണുള്ളത്. ഈ കുടുംബം പൊൻമുടിയിൽ താമസിക്കുന്നു.

മേരി - ആന്റണി ദമ്പതികളുടെ നാലാമത്തെ സന്താനമായ പാപ്പച്ചൻ (പീലിപ്പോസ്) രാജാക്കാട് ജോസ്ഗിരി പാറാംതോട് തോമസ് - മറിയം മകൾ ത്രേസ്യായെ (ലീലാമ്മ)യെ വിവാഹം കഴിച്ചു. ഇവർക്ക് ഒരു മകളും രണ്ട് ആൺമക്കളും ഉണ്ട്.

മേരി - ആന്റണി ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ ലൂക്കാച്ചൻ വിദ്യാഭ്യാസാനന്തരം സ്വന്തം സന്യാസദൈവവിളി തിരിച്ചറിഞ്ഞ് എസ്.വി.ഡി. സഭയിൽ ചേർന്ന് വൈദികനായി. ഫാ. ലൂക്ക് വലിയപറമ്പിൽ കരോട്ട് പുനയിൽ സേവനം അനുഷ്ഠിക്കുന്നു.

ആറാമത്തെ സന്താനമായ തെയ്യാമ്മ ഞാവള്ളികുന്താനത്ത് ജോസഫ് - റോസ മകൻ ജോർജിന്റെ ധർമ്മപത്നിയാണ്. ഈ ദമ്പതികൾക്ക് മൂന്നുപുത്രിമാരാണുള്ളത്.

മേരി - ആന്റണി ദമ്പതികളുടെ ഏഴാമത്തെ സന്താനമായ റോസമ്മ എസ്.എം. എ എന്ന സന്യാസസഭയിൽ ചേർന്ന് സിസ്റ്റർ ഐറിൻ എന്ന സന്യാസ നാമം സ്വീകരിച്ച് മദ്ധ്യപ്രദേശ് പ്രോവിൻസിൽ പ്രേഷിതസേവനം നിർവഹിക്കുന്നു.

മേരി - ആന്റണി ദമ്പതികളുടെ എട്ടാമത്തെ സന്താനമായ ജോസ്കുട്ടി പൊരിയത്ത് ചാക്കോ - അച്ചാമ്മ മകൾ റ്റെസിയെ വിവാഹം കഴിച്ചു. 1985-ൽ ആയിരുന്നു അവരുടെ വിവാഹം. ഈ ബന്ധത്തിൽ ഒരു പുത്രിയും ഒരു പുത്രനും ജാതരായി.

മാതാവ് മേരി 2002 ഏപ്രിൽ 16-ന് നിര്യാതയായി.

ലൂക്കാ - ഏലി ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ ഏലി വാഴൂർ മുള്ളോങ്കൽ വർക്കി ഏലി ദമ്പതികളുടെ മകൻ വർക്കിയുടെ ജീവിതപങ്കാളിയായി. കൊ.വ. 1109 മകരമാസം 3-ാം തീയതി ആയിരുന്നു വർക്കി - ഏലിമാരുടെ ഒത്തുചേരൽ മംഗല്യം. ഈ ദമ്പതികൾക്ക് നാലുപുത്രന്മാരും മൂന്നുപുത്രിമാരും ജാതരായി.

മൂത്തമകൻ ജോസ് എം.എസ്.സി. ചങ്ങനാശേരി സെന്റ് ബർക്കുമാൻസ് കോളേജിൽ ബോട്ടണി പ്രൊഫസറായിരുന്നു. ഭാര്യ ഏലിക്കുട്ടി ചിറ്റൂർ ജോസഫ് - ഏലിക്കുട്ടി ദമ്പതികളുടെ പുത്രിയാണ്. ഏലിക്കുട്ടി അസംപ്ഷൻ കോളേജിലാണ് പഠിപ്പിച്ചിരുന്നത്. ഇപ്പോൾ ഇരുവരും റിട്ടയർ ചെയ്തു.

ഡോ. ജോമോൻ എം.ബി.ബി.എസ്. എം.ഡി. ജോസ് - ഏലിക്കുട്ടി ദമ്പതികളുടെ പുത്രനാണ്. രണ്ടു പുത്രന്മാർകൂടിയുണ്ട്. ലിജോ, ജിജോ എന്നിവരാണ്.

ഏലി - വർക്കി ദമ്പതികളുടെ രണ്ടാമത്തെ മകൻ ജോർജ് (കുട്ടിയച്ചൻ) എം.എസ്.സി. എടത്വാ വെള്ളാപ്പള്ളിൽ ദേവസ്യാ - ഏലിക്കുട്ടി മകൾ പെണ്ണമ്മയെ പാണിഗ്രഹണം ചെയ്തു. പെണ്ണമ്മ നഴ്സ് ആണ്. ജോർജും പെണ്ണമ്മയും ജർമ്മനിയിൽ ഉദ്യോഗാർത്ഥം പ്രവസിച്ചിരിക്കുന്നു. ഈ ദമ്പതികൾക്ക് രണ്ടുപുത്രന്മാരുണ്ട്.

ഏലി - വർക്കി ദമ്പതികളുടെ മൂന്നാമത്തെ മകൻ ലൂക്കാച്ചൻ (പാപ്പച്ചൻ) കുവപ്പള്ളി ഹൈസ്കൂൾ ഹെഡ്മാസ്റ്ററാണ്. സഞ്ചായത്തിൽ മാത്യു - മറിയാമ്മ മകൾ എത്സമ്മയാണ് സഹധർമ്മിണി. എത്സമ്മയും അധ്യാപികയാണ്. ഈ അധ്യാപകദമ്പതികൾക്ക് രണ്ടു പുത്രന്മാരും ഒരു പുത്രിയും ഉണ്ട്.

ഏലി - വർക്കി ദമ്പതികളുടെ നാലാമത്തെ സന്താനമായ മേരിയെ വാഴൂർ പാറയ്ക്കൽ ഉലഹന്നൻ- അന്നമ്മ മകൻ മാത്തുകുട്ടി വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു പുത്രനും നാലുപുത്രിമാരും ഉണ്ട്.

ഏലി - വർക്കി ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ ഏലിക്കുട്ടി കോരുത്തോട് മടുക്കിയാങ്കൽ ചെറിയാൻ - ഏലിയാമ്മ മകൻ ബേബിച്ചന്റെ കുടുംബിനിയാണ്. ഇവർക്കു രണ്ടു പുത്രന്മാരുണ്ട്. ഈ കുടുംബം എറണാകുളം 'കുമാരനാശാൻ നഗറിൽ' താമസിക്കുന്നു.

ഏലി - വർക്കി ദമ്പതികളുടെ ആറാമത്തെ സന്താനമായ ചാക്കോച്ചൻ ചോറ്റി മടുക്കക്കുഴിയിൽ ആന്റണി - അന്നമ്മ ദമ്പതികളുടെ പുത്രി റോസിലിയെ പരിണയിച്ചു. ഈ ദമ്പതികൾക്ക് രണ്ടു പുത്രന്മാരും ഒരു പുത്രിയും ഉണ്ട്. ഇവർ തറവാട്ടിൽതാമസിക്കുന്നു. ചാക്കോച്ചൻ 1992-ൽ നിര്യാതനായി.

ഏലി - വർക്കി ദമ്പതികളുടെ ഏഴാമത്തെ സന്താനമായ മോളിക്കുട്ടി കൊഴുവനാൽ താഴത്തേമുറിയിൽ ജോസഫ് - അന്നമ്മ മകൻ തോമസിന്റെ കുടുംബിനിയാണ്. തോമസ് സൗത്ത് ഇൻഡ്യൻ ബാങ്ക് ഉദ്യോഗസ്ഥനാണ്. ഈ ദമ്പതികൾക്ക് രണ്ടുപുത്രന്മാരും മൂന്നുപുത്രിമാരും ഉണ്ട്.



**മണിയങ്ങാട്ട് നെഗരിദയൽ എൻ.എൽ. ജോസഫും കുടുംബവും**

ലൂക്കാ - ഏലി ദമ്പതികളുടെ നാലാമത്തെ സന്താനമായ ജോസഫ് (കുട്ടി) മുഴൂർ തുളുമ്പൻ മാക്കൽ തോമസ് - ത്രേസ്യാ മകൾ മേരിയെ പാണിഗ്രഹണം ചെയ്തു. ഈ ദമ്പതികൾക്ക് അഞ്ചു പുത്രന്മാരും അഞ്ചുപുത്രിമാരും ഉണ്ട്.

മൂത്തമകൾ എൽസി സെന്റ് തോമസ് കോൺവെന്റിൽ ചേർന്നു. സിസ്റ്റർ എൽസി ഇപ്പോൾ കുറിച്ചിത്താനം മഠത്തിൽ താമസിക്കുന്നു.






എൻ.ജെ. തോമസ് ഡോ. ചിന്നമ്മ എഞ്ചൽ തോമസ് അനിലാ മേരി തോമസ്

രണ്ടാമത്തെ സന്താനമായ ജോയി വൈദികനായി. ഫാ. ലൂക്ക് മണിയങ്ങാട്ട് എന്ന പേരിൽ ആസാമിൽ സേവനം അനുഷ്ഠിക്കുന്നു

മൂന്നാമത്തെ സന്താനമായ തോമസ് ചാർട്ടേർഡ് അക്കൗണ്ടന്റ് ആണ്. പിണക്കാട്ട് ജോസഫ് അന്നമ്മ മകൾ ഡോ. ചിന്നമ്മയാണ് സഹധർമ്മിണി. ഡോ. ചിന്നമ്മ എറണാകുളം ലിസി ഹോസ്പിറ്റലിൽ ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് എയ്ഞ്ചൽ ആൻ

തോമസ് അനിലാ മേരി തോമസ് എന്നുരണ്ടു പുത്രിമാരുണ്ട്. ഇരുവരും എൻജിനീയറിംഗ് വിദ്യാർത്ഥിനികളാണ്.

ജോസഫ് - മേരി ദമ്പതികളുടെ നാലാമത്തെ സന്താനമായ ലില്ലി തിരുഹൃദയസഭയിൽ ചേർന്ന് സിസ്റ്റർ ട്രീസാ എന്ന നവീന നാമം സ്വീകരിച്ചു. എം.ബി.ബി.എസ്, എം.ഡി. പാസ്സായ സിസ്റ്റർ ഡോക്ടർ ട്രീസാ ആസാമിൽ വൈദ്യശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്നു.

ജോസഫ് - മേരി ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ ഫിലോ ആലക്കോട്ട് വാര്യനാട് തോമസ് ഏലി മകൻ സൈമണിന്റെ ജീവിതപങ്കാളിയാണ്. സൈമൺ ട്രഷറി ഓഫീസറും ഫിലോ മെഡിക്കൽ കോളേജിൽ ലാബ് ടെക്നീഷ്യനുമാണ്. ഈ കുടുംബം കോട്ടയത്തു താമസിക്കുന്നു. ഇവർക്ക് രണ്ടുപുത്രന്മാരുണ്ട്.

ജോസഫ് - മേരി ദമ്പതികളുടെ ആറാമത്തെ സന്താനമായ മേഴ്സിയെ മണോത്ത് അവിരാ മറിയം മകൻ തോമസ് വിവാഹം ചെയ്തു. മേഴ്സി ഹോമിയോ ഡോക്ടറായി പുന്നത്തുറയിൽ സ്വന്തമായി ഡിസ്പെൻസറി നടത്തുന്നു. മേഴ്സി - തോമസ് ദമ്പതികൾക്ക് ഒരു പുത്രനും രണ്ടുപുത്രിമാരും ഉണ്ട്.

ജോസഫ് - മേരി ദമ്പതികളുടെ ഏഴാമത്തെ സന്താനമായ ജോസ് പുളിക്കത്തോട്ടത്തിൽ ചാക്കോ - ഏലി മകൾ ലൈസാമ്മയെ മന്ത്രകോടിയണിയിച്ചു. ഈ കുടുംബം ആര്യങ്കാവിൽ താമസിക്കുന്നു. ഇവർക്ക് ആശീഷ്, അനൂപ് എന്ന രണ്ടു മക്കൾ ഉണ്ട്.

ജോസഫ് - മേരി ദമ്പതികളുടെ എട്ടാമത്തെ സന്താനമായ ബേബി (മാത്തുകുട്ടി) പാലാ കടപ്പൂര് വർക്കിച്ചൻ ഏലിക്കുട്ടി മകൾ മെർലിയെ ജീവിതപങ്കാളിയായി വരിച്ചു. മാത്തുകുട്ടി എം.എസ്.സി. ബി.എഡ്. എടത്വാ കോളേജിൽ പഠിപ്പിക്കുന്നു. മെർലി ബി.എസ്.സി. ബി.എഡ്. ചങ്ങനാശേരി സെന്റ് ജോസഫ്സ് ഹൈസ്കൂളിലും പഠിപ്പിക്കുന്നു. ഈ ദമ്പതികൾക്ക് ഗീതു, ആദിത്ത് എന്ന രണ്ടു മക്കളുണ്ട്. ഈ കുടുംബം ചങ്ങനാശ്ശേരിൽ താമസിക്കുന്നു.

ജോസഫ് - മേരി ദമ്പതികളുടെ ഒൻപതാമത്തെ സന്താനമായ ആൻസി ബി.എസ്.സി. ബിരുദധാരിണിയാണ്. കുടല്ലൂർ കുടിലിപ്പറമ്പിൽ തൊമ്മച്ചൻ - അന്നമ്മ മകൻ ജയിംസ് ആണ് ആൻസിയുടെ കണവൻ. ജയിംസ് എം.എസ്.സി. വാനനീരീക്ഷണ വകുപ്പിൽ തിരുവനന്തപുരത്ത് ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് രണ്ടുപുത്രന്മാരുണ്ട്.

ജോസഫ് - മേരി ദമ്പതികളുടെ പത്താമത്തെ സന്താനമായ ഡാമിച്ചൻ ഭരണങ്ങാനം പാറങ്കുളങ്ങര തൊമ്മച്ചൻ - അന്നക്കുട്ടി മകൾ ലിറ്റീസിനെ വിവാഹം കഴിച്ചു. ആര്യങ്കാവിൽ (തറവാട്ടിൽ) താമസിക്കുന്നു. ഈ ദമ്പതികൾക്ക് അക്ഷയ്, അതുൽ എന്ന രണ്ടു പുത്രന്മാരുണ്ട്.

ഈ പത്തുമക്കളുടെ മാതാവ് മേരി 1997 സെപ്റ്റംബർ 26-ാം തീയതി പരലോകപ്രാപ്തയായി.

ലൂക്കാ - ഏലി ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ റോസയെ ആലയ്ക്കൽ കുഞ്ഞച്ചൻ - ഏലി ദമ്പതികളുടെ മകൻ വർക്കി സ്വകുടുംബിനിയാക്കി. ഈ ദമ്പതികൾക്ക് രണ്ടുപുത്രിമാരും മൂന്നുപുത്രന്മാരും സന്താനങ്ങളായുണ്ട്.

റോസ - വർക്കി ദമ്പതികളുടെ മൂത്ത മകൻ ജോസ് ചിറ്റാർ കരോട്ടുപാറ സ്കറിയാച്ചൻ - ഏലി ദമ്പതികളുടെ മകൾ തങ്കമ്മയെ പരിണയിച്ചു. ഇവർക്ക് ഒരാണും ഒരു പെണ്ണും മക്കളായുണ്ട്. ഈ കുടുംബം മൂഴൂർ താമസിക്കുന്നു.

റോസ - വർക്കി ദമ്പതികളുടെ മൂന്നാമത്തെ മകൻ ലൂക്കാച്ചൻ കുട്ടിക്കൽ ചെമ്പിളായിൽ മത്തായി - ത്രേസ്യാ മകൾ സാലിയെ ജീവിതപങ്കാളിയാക്കി. ഇവർക്കു രണ്ടുപുത്രന്മാരും ഒരു പുത്രിയുമുണ്ട്. ഈ കുടുംബം മൂഴൂർ താമസിക്കുന്നു.

റോസ - വർക്കി ദമ്പതികളുടെ രണ്ടാമത്തെ സന്താനമായ ഏലിക്കുട്ടി എസ്. എച്ച് കോൺവെന്റിൽ ചേർന്നു. സി. ലിസാ എസ്. എച്ച്. എന്ന പേരു സ്വീകരിച്ചു. ലാബറട്ടറി ടെക്നീഷ്യനായി മിഷൻ ആശുപത്രിയിൽ സേവനം ചെയ്യുന്നു.

റോസ - വർക്കി ദമ്പതികളുടെ നാലാമത്തെ സന്താനമായ കുഞ്ഞ് (ജോർജ്) ചക്കാനിക്കുന്നേൽ ജോസഫ് - ഏലി മകൾ ബീനാമ്മയെ പാണിഗ്രഹണം ചെയ്തു. ഈ ദമ്പതികൾക്കു ഒരു പുത്രനും ഒരു പുത്രിയുമുണ്ട്. ജോർജ് മിലിട്ടറി സർവ്വീസിനുശേഷം ഇപ്പോൾ തറവാട്ടിൽ താമസിക്കുന്നു.

റോസ - വർക്കി ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ മേരി മേവിട മാളിയേക്കൽ ജോസഫ് - അന്നക്കുട്ടി മകൻ ജോസിന്റെ കുടുംബിനിയായി. ഈ ദമ്പതികൾക്ക് ഒരു മകനുണ്ട്.



നെഗരിയേൽ ചാണ്ടിയും കുടുംബവും

ലൂക്കാ - ഏലി ദമ്പതികളുടെ ആറാമത്തെ സന്താനമായ ചാണ്ടി ഉരുളിക്കുന്നം കൊക്കപ്പുറത്തു ജോസഫിന്റെയും മറിയത്തിന്റെയും മകളായ ഏലിക്കുട്ടിയെ സ്വവധുവായി വരിച്ചു. ഇവർക്ക് ഒരു മകനും മൂന്നു പെൺമക്കളും ഉണ്ട്. ഈ കുടുംബം ആര്യങ്കാവിൽ താമസിക്കുന്നു.

മൂത്തപുത്രൻ ജോയി എം.എ. ബി.എഡ്. ആര്യങ്കാവ് സ്കൂളിൽ അധ്യാപകനാണ്. ചുണ്ടെലിക്കാട് വി.കെ. ചാക്കോ ഏലി ദമ്പതികളുടെ പുത്രി സിസിലിയാണ് ജോയിയുടെ ജീവിതപങ്കാളി. ഈ ദമ്പതികൾക്ക് ആഷ്ലി, അലീന എന്ന രണ്ടുപുത്രിമാരുണ്ട്.

ചാണ്ടി - ഏലിക്കുട്ടി ദമ്പതികളുടെ രണ്ടാമത്തെ സന്താനമായ ആലീസ് എസ്.എച്ച്. കോൺവെന്റിൽ ചേർന്നു. നഴ്സിംഗ് എം.എസ്.സി പാസ്സായി. സി. ആലീസ് ഇപ്പോൾ കോട്ടയം മെഡിക്കൽ സെന്ററിൽ നഴ്സിംഗ്സ്കൂൾ പ്രിൻസിപ്പലായി സേവനം അനുഷ്ഠിക്കുന്നു.

ചാണ്ടി - ഏലിക്കുട്ടി ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ മോളിയെ കുടമാളൂർ പറയം ചാലിൽ ജോസി വിവാഹം ചെയ്തു. മോളി കുടമാളൂർ സ്കൂളിൽ അധ്യാപികയാണ്. ഈ ദമ്പതികൾക്ക് മൂന്ന് കുട്ടികളുണ്ട്.

ചാണ്ടി – ഏലിക്കുട്ടി ദമ്പതികളുടെ നാലാമത്തെ സന്താനമായ സെലിൻ എം.എസ്.സി. ആണ്. കുടമാളൂർ സ്കൂൾ അധ്യാപികയാണ്. മാലദ്വീപിൽ അധ്യാപകനായ ജിജോ ആണ് ഭർത്താവ്. ജിജോ കുടമാളൂർ മഠത്തുമ്യാലി കുടുംബാംഗമാണ് ഈ ദമ്പതികൾക്ക് ഒരു പുത്രനുണ്ട്.

ലൂക്കാ ഏലി ദമ്പതികളുടെ ഏഴാമത്തെ സന്താനമായ ചാക്കോച്ചൻ 1950-ൽ ഇരുപതാം വയസിൽ നിര്യാതനായി. ലൂക്കാ – ഏലി ദമ്പതികളുടെ ഏട്ടാമത്തെ സന്താനമായ മോനിക്ക 1951 മെയ് 17-ന് ക്ലാരസഭയിൽ ചേർന്നു സന്യാസിനിയായി. മഞ്ഞാമറ്റം, വാകക്കാട് സ്കൂളുകളിൽ അധ്യാപികയായിരുന്നു. ഇപ്പോൾ മറ്റക്കര മഠത്തിൽ വിശ്രമജീവിതം നയിക്കുന്നു.



ചാക്കോച്ചൻ



നെഗരിയേൽ തൊമ്മച്ചനും ഭാര്യയും



നെഗരിയേൽ എൻ.എൽ. തോമസും കുടുംബവും

ലൂക്കാ - ഏലി ദമ്പതികളുടെ ഒൻപതാമത്തെ സന്താനമായ തോമസ് കാഞ്ഞിരമറ്റം മുങ്ങാമാക്കൽ പീലിപ്പോസ് - ഏലിക്കുട്ടി മകൾ ത്രേസ്യാമ്മയെ പാണിഗ്രഹണം ചെയ്തു. 1960 ഏപ്രിൽ 25 -ന് ആയിരുന്നു ഇവരുടെ മംഗല്യം. ഇവർ നെഗരിയേൽ തറവാട്ടിൽ താമസിക്കുന്നു. ഈ ദമ്പതികൾക്ക് നാലുമക്കളാണുള്ളത്.

ടി. തോമസ് 1955-ൽ വിദ്യാഭ്യാസത്തിനുശേഷം കൃഷിയിലും, ബിസിനസ്സിലും വ്യാപൃതനായിരുന്നു. കൊഴുവനാൽ വിൻസെന്റ് ഡി പോൾ സംഘത്തിന്റെ സെക്രട്ടറിയായും ഇടവകപള്ളികമ്മറ്റി മെമ്പറായും സഭാകാര്യങ്ങളിൽ സജീവമായി പങ്കെടുത്തു. ഇപ്പോൾ വിശ്രമജീവിതത്തോടൊപ്പം കുടുംബയോഗകമ്മറ്റിയിലും കുടുംബ ചരിത്ര നിർമ്മാണ കമ്മറ്റിയിലും സജീവമായി പ്രവർത്തിച്ചുവരുന്നു. കുടുംബയോഗത്തിന്റെ ആദ്യകാല സെക്രട്ടറിയായും ദീർഘ നാൾ പ്രവർത്തിച്ചുവെന്നുള്ളത് പ്രസ്താവയോഗ്യമാണ്.

മൂത്തമകൻ ബേബി ഭരണങ്ങാനം കണ്ടത്തിൽ ദേവസ്യാച്ചൻ. അന്നക്കുട്ടി ദമ്പതികളുടെ പുത്രി ഷെർലിയെ 1989 മെയ് 25-ാം തീയതി വിവാഹം കഴിച്ചു. ഈ ദമ്പതികൾക്കു സച്ചിൻ, സഞ്ചു എന്ന രണ്ടു പുത്രന്മാരുണ്ട്.

തോമസ് - ത്രേസ്യാമ്മമാരുടെ രണ്ടാമത്തെ സന്താനമായ സാലിയെ പഴയിടം പാമ്പൂരിക്കൽ അപ്പച്ചൻ - ഏലിക്കുട്ടി ദമ്പതികളുടെ പുത്രൻ ജയിംസ് 1989 ഡിസംബർ 28-ന് വിവാഹം ചെയ്തു.

ഈ ദമ്പതികൾക്ക് ജിസ്, ജെഫി, ജിയാ എന്ന മൂന്നുകുട്ടികളുണ്ട്. സാലി ഇപ്പോൾ കാഞ്ഞിരപ്പള്ളി മേരി ക്യൂൻസ് ഹോസ്പിറ്റലിൽ നഴ്സ് ആണ്.

തോമസ് - ത്രേസ്യാമ്മ ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ ബെന്നി കമ്പിളികണ്ടത്ത് വെട്ടുകല്ലേൽ ആന്റണി - മേരി ദമ്പതികളുടെ മകൾ ഷെർലിയെ 1997 മെയ് 19-ന് വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് കിരൺ, ശ്രേയ എന്ന രണ്ടുമക്കളുണ്ട്. ബെന്നി ആര്യങ്കാവ് സ്കൂളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപകനാണ്.

തോമസ് - ത്രേസ്യാമ്മ ദമ്പതികളുടെ നാലാമത്തെ സന്താനമായ സോണിയ ബി.എസ്.സി. ബി.എഡ്. ഇളങ്ങുളം ഇരുപ്പക്കാട്ട് തങ്കച്ചൻ - സെലിൻ ദമ്പതികളുടെ പുത്രൻ ജസ്റ്റിൻ 1999 നവംബർ 15-ാം തീയതി സോണിയായെ സ്വകുടുംബിനിയാക്കി. ഈ ദമ്പതികൾക്ക് നേഹ എന്നൊരു പുത്രിയുണ്ട്.

## തമ്പഴ പുള്ളോലിൽ ശാഖ

മണിയങ്ങാട്ട് തമ്പഴ ഔസേപ്പ് - അന്ന ദമ്പതികളുടെ രണ്ടാമത്തെ മകൻ ചാക്കോ പാലാ വെള്ളിയേപ്പള്ളിൽ പുരയിടത്തിൽ (കണ്ടത്തിൽ) അന്നമ്മയെ വിവാഹം കഴിച്ചു. ഈ കുടുംബം ഇടമുളയുടെ പടിഞ്ഞാറുഭാഗത്തുള്ള പുള്ളോലിൽ പുരയിടത്തിലേക്കു മാറിതാമസിച്ചു. ചാക്കോ - അന്നമ്മ ദമ്പതികൾക്ക് നാലുപുത്രിമാരും ഒരു പുത്രനും ജനിച്ചു.

പിതാവ് ചാക്കോ 85-ാം വയസ്സിൽ 1978-ലും മാതാവ് അന്നമ്മ 75-ാം വയസ്സിൽ 1970 ലും നിര്യാതരായി

മൂത്തമകൾ മാമ്മിയെ ചെമ്മലമറ്റം കാഞ്ഞിരപ്പറമ്പിൽ ജോസഫ് ആണ് വിവാഹം ചെയ്തത്. മാമ്മി - ജോസഫ് ദമ്പതികൾക്ക് നാലു പുത്രന്മാരും രണ്ടുപുത്രിമാരും ജാതരായി.

മാമ്മി 40-ാം വയസ്സിൽ 1960-ൽ നിര്യാതയായി. ജോസഫ് 78-ാം വയസ്സിൽ 1996-ൽ ആണ് ചരമംപ്രാപിച്ചത് ഇവരുടെ കുടുംബം ഇപ്പോൾ ബാംഗ്ലൂരിലാണ് താമസം. ജോർജ്, ജോസ്, സ്റ്റാലിൻ, തോമസ്, ഏലീസ്, ബ്രിജീത്ത് എന്നിവരാണ് മാമ്മി - ജോസഫ് ദമ്പതികളുടെ മക്കൾ,

ചാക്കോ - അന്നമ്മ ദമ്പതികളുടെ രണ്ടാമത്തെ മകൾ മറിയാമ്മയെ വെള്ളിയാമറ്റം വില്ലൻകല്ലേൽ മാത്യു ജീവിതപങ്കാളിയാക്കി. ഈ ദമ്പതികൾക്ക് സിസ്റ്റർ, പീറ്റർ, കുട്ടിയമ്മ, അപ്പച്ചൻ എന്ന മൂന്നു മക്കൾ ജനിച്ചു. മൂത്തമകൾ തിരുഹൃദയസഭയിൽ ചേർന്ന് സി. പീറ്റർ എന്നപേരു സ്വീകരിച്ചു. ഇപ്പോൾ പൈങ്ങുളം ആശുപത്രിയിൽ വൈദ്യശുശ്രൂഷ ചെയ്യുന്നു. ഏക മകൻ അപ്പച്ചൻ തറവാട്ടിൽ താമസിക്കുന്നു.

മാതാവ് മറിയാമ്മ 41-ാം വയസ്സിൽ 1964-ൽ അന്തരിച്ചു. പിതാവ് മാത്യു 60-ാം വയസ്സിൽ 1980 ലും അന്തരിച്ചു.



**തമ്പഴ ജോസഫിന്റെ കുടുംബം**

ചാക്കോ - അന്നമ്മ ദമ്പതിമാരുടെ ഏകപുത്രൻ ജോസഫ് (പാപ്പച്ചൻ) മുഴൂർ മറ്റത്തിൽ ജോസഫ് - അന്ന ദമ്പതികളുടെ മകൾ ഏലിയാമ്മയെ പാണിഗ്രഹണം ചെയ്തു. ഇവർക്ക് രണ്ടുപുത്രന്മാരും രണ്ടുപുത്രിമാരുമാണ് സന്താനങ്ങൾ. എത്സമ്മ, ജോസ്, ആനീസ്, സണ്ണി എന്നിവരാണ് പ്രസ്തുത മക്കൾ.

മൂത്തമകൾ എത്സമ്മയെ മുഴൂർ പെരുകിലക്കാട്ട് മത്തൻ അന്ന മകൻ ചാക്കോച്ചൻ പരിണയിച്ചു. എത്സമ്മ - ചാക്കോച്ചൻ ദമ്പതി

കൾക്ക് ഷിജോ, ജസ്റ്റിൻ, ഷാൻ, കൊച്ചുമോൻ, ക്രിസ്റ്റീനാ എന്ന അഞ്ചുമക്കൾ ഉണ്ട്.

ഇവരിൽ ജസ്റ്റിൻ വൈദികപഠനം നടത്തുന്നു. ക്രിസ്റ്റീനാ കർമ്മ ലസഭയിൽ ചേർന്നു. ഈ കുടുംബം പള്ളിക്കത്തോടിനുസമീപം മുക്കാലിയിലാണ് താമസം.

ജോസഫ് - ഏലിയാമ്മമാരുടെ മൂത്തമകൻ ജോസ് നീലൂർ കായംമാക്കിൽ മൈക്കിൾ - ബ്രിജിറ്റ് മകൾ വത്സമ്മയെ സ്വകുടും ബിനിയാക്കി. ഈ ദമ്പതികൾക്ക് മേബിൾ, നോബിൾ, കരോൾ എന്നുമൂന്നുമക്കൾ. ജോസ് മാതാപിതാക്കളോടൊത്ത് തറവാട്ടിൽ താമസിക്കുന്നു.

ജോസഫ് - ഏലിയാമ്മ ദമ്പതികളുടെ ഇളയ മകൾ ആനീ സിനെ പുളിങ്കുന്ന് കായൽപുറം കൂട്ടുമ്മേൽ ചാക്കോച്ചൻ - അന്ന ദമ്പതികളുടെ മകൻ റ്റോമി സ്വന്തം സഹധർമ്മിണിയാക്കി. റ്റോമി - ആനീസ് ദമ്പതികൾക്ക് റ്റീനാ, റ്റീസാ, റ്റോം എന്ന മൂന്നുമക്കളാ ണുള്ളത്.

ജോസഫ് - ഏലിയാമ്മ ദമ്പതികളുടെ കനിഷ്ഠ പുത്രൻ സണ്ണി 18-ാം വയസ്സിൽ 1985 -ൽ അകാലചരമമടഞ്ഞു.

ചാക്കോ - അന്നമ്മ ദമ്പതികളുടെ മൂന്നാമത്തെ മകൾ കുട്ടമ്മ (ഏലിക്കുട്ടി)യെ ഇളങ്ങുളം വെള്ളാപ്പാണിയിൽ ഔസേപ്പച്ചൻ സ്വന്തം ജീവിതപങ്കാളിയാക്കി. ഈ ദമ്പതികൾക്ക് കുട്ടിയച്ചൻ, ലീലാ മ്മ, മേരി, ജോസ്കുട്ടി, സി. ഡയ്സി എന്ന് അഞ്ചുമക്കളാണ്. ഈ കുടുംബം ആലക്കോട്ടു താമസിക്കുന്നു.

ചാക്കോ - അന്നമ്മ ദമ്പതികളുടെ ഇളയ മകൾ മോനിക്കയെ കൊഴുവനാൽ മൈലാടി പറമ്പകത്ത് കുഞ്ഞൂഞ്ഞിന്റെ മകൻ കുഞ്ഞ് (എബ്രഹാം) വിവാഹം ചെയ്തു. മോനിക്ക - എബ്രഹാം ദമ്പതി കൾക്ക്, ഗ്രേസി, സെലിൻ, സിസ്റ്റർ ആൻസി, ജോളി, ജിൻസി എന്ന അഞ്ചുപുത്രിമാരുണ്ട്.

ഈ കുടുംബം ഹൈറേഞ്ചിൽ പാറക്കടവിൽ താമസിക്കുന്നു.

# തമ്പഴ ഔസേപ്പു മകൻ ഔസേപ്പ്



കൈപ്പയ്ക്കൽ തമ്പഴ ജോസഫിന്റെ ഭാര്യ മറിയം

മണിയങ്ങാട്ട് തമ്പഴ ഔസേപ്പ് - അന്ന ദമ്പതികളുടെ മൂന്നാമത്തെ മകൻ ഔസേപ്പ് (കുഞ്ഞുകൊച്ച്) നെടുംതകിടിയേൽ മത്തായി - അന്ന മകൾ മറിയത്തിനു മംഗല്യം ചാർത്തി. ഈ കുടുംബം മൂഴൂരേക്ക് മാറിത്താമസിച്ചു.

ഈ ദമ്പതികൾക്ക് ഏഴുപുത്രന്മാരും ഒരുപുത്രിയുമാണ് സന്താനങ്ങൾ. ജോസഫ് (കുട്ടി) മത്തായി, അന്നമ്മ, ലൂക്ക (അപ്പായൻ) ചാക്കോ, ചാണ്ടി, തോമസ്, ആന്റണി എന്നിവരാണ് ആ എട്ടുപേർ.

പിതാവ് കുഞ്ഞുകൊച്ച് 81-ാം വയസ്സിൽ 1975 സെപ്റ്റംബർ 2-നു മാതാവ് മറിയം 93-ാം വയസിൽ 1992 മെയ് 2-നും കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു.

കുഞ്ഞുകൊച്ച് - മറിയം ദമ്പതികളുടെ മൂത്ത മകൻ കുട്ടി മറ്റക്കര മറ്റപ്പള്ളിൽ കുര്യാക്കോസ് - മറിയം മകൾ ത്രേസ്യായെ വിവാഹം കഴിച്ചു.



**മണിയങ്ങാട്ട് കൈപ്പക്കൽ കുട്ടി മകൻ കുറുവച്ചനും കുടുംബവും**

ഇവരുടെ ഏകമകൻ കുറുവച്ചൻ (കുര്യൻ) കാഞ്ഞങ്ങാട് ചുടൻ കല്ലിലാണ് താമസം. ആലപ്പുഴ പടിഞ്ഞാറേവീട്ടിൽ ഐസക്ക് വർഗീസ് - ഏലിക്കുട്ടി മകൾ ലൂസിയെ കുറുവച്ചൻ മന്ത്രകോടിയ ണിയിച്ചു.

കുറുവച്ചൻ - ലൂസി ദമ്പതികൾക്ക് റ്റോണി, ബോബി എന്ന രണ്ടു പുത്രന്മാരുണ്ട്.

പിതാവ് കുട്ടി 59-ാം വയസ്സിൽ 1979 ലും മാതാവ് ത്രേസ്യാ 69-ാം വയസ്സിൽ 1991 ലും ചരമഗതിയടഞ്ഞു.

കുഞ്ഞുകൊച്ച് - മറിയം ദമ്പതികളുടെ രണ്ടാമത്തെ മകൻ മത്തായി ചെറുവള്ളി ആനിക്കാമുണ്ടയ്ക്കൽ മാത്തൻ - ഏലിക്കുട്ടി മകൾ റോസയെ സ്വവധുവായി വരിച്ചു. മത്തായി - റോസമ്മ ദമ്പതികൾക്ക് ബേബി, മേരി, മാത്യു, എൽസി എന്ന നാലുമക്കൾ. ഈ കുടുംബം കോഴിക്കോടിനുസമീപം വയലിടയിലേക്കു മാറിത്താമസിച്ചു.

മത്തായി 57-ാം വയസ്സിൽ 1981 ജനുവരി 21-ന് അന്തരിച്ചു. ഭാര്യ റോസ 47-ാം വയസ്സിൽ 1975 ജനുവരി 15-നും ഇഹലോകംവിട്ടുപിരിഞ്ഞു.



കൈപ്പക്കൽ മത്തായി മകൻ ബേബിയും കുടുംബവും



മത്തായി മകൻ മാത്തു കൈപ്പക്കൽ

ഇവരുടെ മൂത്തമകൻ ബേബി കുരാച്ചുണ്ട് മാളിയേക്കൽ ജോർജ് ഏലിക്കുട്ടി മകൾ ലിസിയ്ക്കു മംഗല്യം ചാർത്തി. ഇവർക്ക് രണ്ടു പുത്രിമാർ - റോസ്മേരി, ലിറ്റു എന്നിവർ. ഈ കുടുംബം താമര ശ്ശേരിയിൽ വസിക്കുന്നു.

മത്തായി - റോസമാരുടെ മൂത്തമകൾ മേരിയെ മുത്തോലി വയലിൽ വീട്ടിൽ തോമസ് സാറിന്റെയും മറിയാമ്മയുടെയും മകൻ രാജു സ്വന്തം ജീവിതപങ്കാളിയാക്കി. ഇവർക്ക് രധീഷ്, തോമസ്കുട്ടി എന്ന രണ്ടുപുത്രന്മാരുണ്ട്. ഈ കുടുംബം കെഴുവംകുളത്താണ് നിവാസം.

മത്തായി - റോസ ദമ്പതികളുടെ രണ്ടാമത്തെ മകൻ മാത്യു അവിവാഹിതനായി തറവാട്ടിൽ കഴിയുന്നു.

മത്തായി - റോസ ദമ്പതികളുടെ ഇളയമകൾ. എൽസി പന്തലാനിക്കൽ ദേവസ്യാ ഏലി മകൻ കുഞ്ഞുമോന്റെ (ജോസഫ്) സഹധർമ്മിണിയായി. ഈ കുടുംബം മൂഴൂർ താമസിക്കുന്നു.

എൽസി സൗദിയിൽ നഴ്സ് ആണ്. ഈ ദമ്പതികൾക്ക് രണ്ടു പുത്രന്മാർ - ഡേവിഡ്, മാർട്ടിൻ

കുഞ്ഞുകൊച്ചു-മറിയം ദമ്പതികളുടെ ഏകപുത്രി അന്നമ്മയെ ചെങ്ങളം മടുക്കാവിൽ ജോസഫ് - അന്ന ദമ്പതികളുടെ പുത്രൻ ജോസഫ് (കൊച്ചേപ്പ്) വിവാഹം ചെയ്തു. അന്നമ്മ - കൊച്ചേപ്പു ദമ്പതികൾക്ക് എട്ടുമക്കൾ - ഫിലോമിന, ജോസ്, ബേബി, മേരി, ഗ്രേസി, ജോയി, എൽസി, ജോഷി.

മാതാവ് അന്നമ്മ 2003 ഒക്ടോബർ 22-നും കൊച്ചേപ്പ് 2005 ലും അന്തരിച്ചു.

മൂത്തമകൾ ഫിലോമിനാ 16-ാം വയസ്സിൽ 1966-ൽ വിദ്യാഭ്യാസകാലഘട്ടത്തിൽ തന്നെ അകാലചരമമടഞ്ഞു.

മൂത്തമകൻ ജോസ് കരിക്കാട്ടൂർ മണ്ണനാൽ ഫിലിപ്പ് - മേരി മകൾ തങ്കമ്മയെ വിവാഹം ചെയ്തു. ഈ കുടുംബം തമ്പലക്കാട്ടു താമസിക്കുന്നു.

രണ്ടാമത്തെ മകൻ ബേബി തിടനാട് തയ്യിൽ ജോർജ്ജിന്റെ മകൾ മേരിക്കുട്ടിയെ വിവാഹം കഴിച്ചു. കട്ടപ്പനയടുത്ത് വെള്ളിയാംകുടിയിലാണ് താമസം. ബേബി 1999-ൽ ചരമംപ്രാപിച്ചു.

അന്നമ്മ കൊച്ചേപ്പു ദമ്പതികളുടെ നാലാമത്തെ സന്താനമായ മേരിയെ കട്ടപ്പന പുളിയന്മാക്കൽ സ്കറിയാ - ത്രേസ്യാ മകൻ സണ്ണി പരിണിയിച്ചു. മേരി കട്ടപ്പന ഹൈസ്കൂൾ അധ്യാപികയാണ്.

അഞ്ചാമത്തെ സന്താനമായ ഗ്രേസി കർമ്മലീത്താ സഭയിൽ ചേർന്ന് അർപ്പിത സന്യാസിനിയായി സിസ്റ്റർ ഗ്രേസ്ലിസ എന്ന പേരു സ്വീകരിച്ചു. ഇപ്പോൾ പുളിയാന്മല ഹൈസ്കൂളിൽ പഠിപ്പിക്കുന്നു.

ആറാമത്തെ സന്താനമായ ജോയി 29-ാം വയസ്സിൽ 1993-ൽ കഥാവശേഷനായി.

ഏഴാമത്തെ സന്താനമായ എൽസിയെ ഇടക്കുന്നം പ്ലാപ്പള്ളിൽ ജോസഫ് - ഏലി മകൻ തങ്കച്ചൻ മന്ത്രകോടിയണിയിച്ചു. ഈ കുടുംബം കൂവപ്പള്ളിക്കടുത്ത് കൂരംതൂക്കിൽ ആണ് താമസിക്കുന്നത്.

അന്നമ്മ - കൊച്ചേപ്പു ദമ്പതികളുടെ എട്ടാമത്തെ സന്താനമായ ജോഷി പൊൻകുന്നം കിളിരൂർ പറമ്പിൽ ജോസഫ് - ഓമന ദമ്പതികളുടെ പുത്രി ഷൈനിയെ സ്വവധുവാക്കി. ഈ കുടുംബം ചെങ്ങളത്ത് തറവാട്ടിൽ താമസിക്കുന്നു.

കുഞ്ഞുകൊച്ച് - മറിയം ദമ്പതികളുടെ നാലാമത്തെ സന്താനമായ ലൂക്കാ (അപ്പായൻ) അവിവാഹിതനായി മൂഴൂരുള്ള തറവാട്ടിൽ താമസിച്ചു. 1985 നവംബർ 2-ാം തീയതി 56-ാ മത്തെ വയസ്സിൽ നിര്യാതനായി.

കുഞ്ഞുകൊച്ച് - മറിയം ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ ചാക്കോ മിഷനറി വൈദികനായി. ഫാ. ചാക്കോ ആന്ധ്രാ പ്രദേശിൽ എലൂരു രൂപതയിലായിരുന്നു പ്രേഷിതപ്രവർത്തനം നടത്തിയിരുന്നത്. 1997 സെപ്റ്റംബർ 20-ന് ബ. ചാക്കോച്ചൻ ദിവംഗതനായി. അദ്ദേഹത്തിന് അപ്പോൾ 66 വയസ്സുപ്രായമായിരുന്നു.



**മണിയങ്ങാട്ട് കൈപ്പയ്ക്കൽ ചാണ്ടി**



കൈപ്പക്കൽ ചാണ്ടിയുടെ ഭാര്യയും കുടുംബവും

ആറാമത്തെ സന്താനമായ ചാണ്ടി സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ ഉദ്യോഗസ്ഥനായിരുന്നു. പുളിങ്കുന്ന് കോയിപ്പള്ളിൽ കോര-മറിയാമ്മ ദമ്പതികളുടെ പുത്രി ഫിലോമിനായെ പാണിഗ്രഹണം ചെയ്തു. ഫിലോമിനയും സർക്കാർ സർവീസിലാണ്. ഈ കുടുംബം തിരുവനന്തപുരത്തു സ്ഥിരതാമസമാക്കി.

ഈ ദമ്പതികൾക്ക് മൂന്നു മക്കൾ - മേരി, ജോസ്കുട്ടി, ഷിബു എന്നിവർ

പിതാവ് ചാണ്ടി റീജിയണൽ ആഫീസറായിരിക്കെ 1990-ൽ റിട്ടയർ ചെയ്തു. അതേവർഷം ഒക്ടോബർ 7-ാം തീയതി മരണം പ്രാപിക്കുകയും ചെയ്തു. മാതാവ് ഫിലോമിനാ 1993-ൽ പെൻഷൻ പറ്റി.

ചാണ്ടി - ഫിലോമിനാ ദമ്പതികളുടെ മൂത്തപുത്രി മേരി മോൾ കദളിക്കാട്ട് ജോസഫ് സാറിന്റെയും മേരിക്കുട്ടി ടീച്ചറിന്റെയും മകൻ സുനിലിന്റെ ധർമ്മപത്നിയാണ്. ഇരുവരും ബാംഗ്ലൂരിൽ സോഫ്റ്റ്വെയർ കമ്പനിയിൽ ജോലി ചെയ്യുന്നു. ബാംഗ്ലൂർ തന്നെ താമസവും. ഈ ദമ്പതികൾക്ക് ജിനു, ജോയൽ എന്നുരണ്ടു പുത്രന്മാരുണ്ട്.

ചാണ്ടി - ഫിലോമിനാ ദമ്പതികളുടെ മൂത്തമകൻ ജോസ്കുട്ടി, മൂവാറ്റുപുഴയ്ക്കടുത്ത് കാവനയിൽ പുതിയിടത്ത് പ്രൊഫ ജോർജ് ജയിംസ് - ആനി ടീച്ചർ ദമ്പതികളുടെ പുത്രി ജെനിയെ ജീവിതപങ്കാളിയായി വരിച്ചു. ഈ ദമ്പതികൾ സെക്കണ്ടറാബാദിൽ സോഫ്റ്റ് വെയർ കമ്പനികളിൽ ഉദ്യോഗസ്ഥരായി അവിടെത്തന്നെ സ്ഥിരവാസമാക്കിയിരിക്കുന്നു. ഇവർക്ക് ഒരു പുത്രനുണ്ട്.

ചാണ്ടി - ഫിലോമിനാ ദമ്പതികളുടെ ഇളയ മകൻ ഷിബു എം.ബി.ബി.എസ്. എം.ഡി. തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രൊഫസറാണ് തിരുവനന്തപുരത്തുള്ള തറവാട്ടിൽ തന്നെ താമസിക്കുന്നു.



**കൈപ്പക്കൽ അഡ്വ. റ്റി.ജെ. തോമസും കുടുംബവും**

കുഞ്ഞുകൊച്ച് - മറിയം ദമ്പതികളുടെ എട്ടാമത്തെ സന്താനമായ തോമസ് അഭിഭാഷകനായി കോഴിക്കോട്ട് കോടതികളിൽ വ്യവഹരിക്കുന്നു. പുല്ലൂരാംപാറ ചേന്നംകുളം പൗലോസ് ഏലി ദമ്പതികളുടെ മകൾ ചിന്നമ്മയാണ് സഹധർമ്മിണി. ഈ ദമ്പതികൾക്ക് ബാബു, സാബു എന്നുരണ്ടുപുത്രന്മാരുണ്ട്.

മൂത്തമകൻ ബാബു പെരുമ്പാവൂർ പനായിയിൽ പി.ജെ. വർഗീസ് - അമ്മിണി എന്നീ അധ്യാപക ദമ്പതികളുടെ പുത്രി ലിറ്റിയെ പാണിഗ്രഹണം ചെയ്തു. ബാബു ഫെഡറൽ ബാങ്ക് ഓഫീസറായി കോഴിക്കോട്ടു ബ്രാഞ്ചിൽ ജോലിചെയ്യുന്നു. ബാബു - ലിറ്റി ദമ്പതികൾക്ക് ആഷിൻ എന്നൊരു പുത്രനുണ്ട്.

തോമസ് - ചിന്നമ്മ ദമ്പതികളുടെ ഇളയമകൻ സാബു കാത്തലിക് സിറിയൻ ബാങ്ക് ഓഫീസറാണ്. തേഞ്ഞിപ്പലം തണ്ണിപ്പാറ

ജോസഫ് - മേരി മകൾ വിതുവാണ് ജീവിതപങ്കാളി. ഈ ദമ്പതി കൾക്ക് നോയൽ എന്നൊരു പുത്രനുണ്ട്.



**മണിയങ്ങാട്ട് കൈപ്പയ്ക്കൽ പ്രഫ. ആന്റണി പൂഞ്ഞാറും കുടുംബവും**

കുഞ്ഞുകൊച്ച് - മറിയം ദമ്പതികളുടെ കനിഷ്ഠപുത്രൻ ആന്റണി ഇടപ്പാടി മച്ചിയാനിക്കൽ ചാണ്ടിസാറിന്റെയും ചിന്നമ്മ യുടെയും മകൾ മേരിക്കുട്ടിയെ സഹധർമ്മിണിയായി വരിച്ചു. പ്രൊഫ. ആന്റണി അരുവിത്തുറ കോളേജ് അധ്യാപകനായിരുന്നു. മേരിക്കുട്ടിയും ചേന്നാട് ഹൈസ്കൂൾ ജോലിയിൽ നിന്നും വിരമി ച്ചു. ഈ കുടുംബം പൂഞ്ഞാർ പനച്ചിപ്പാറയിൽ താമസിക്കുന്നു.

ആന്റണി - മേരിക്കുട്ടി ദമ്പതികൾക്ക് ഗീത, ബിനോയി എന്നു രണ്ടുമക്കളുണ്ട്.

ഗീതയെ ചെമ്മലമറ്റം പൊരിയത്ത് ഫ്രാൻസീസ്, ത്രേസ്യാ മകൻ ജോസഫ് വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് മരീനാ, ക്രിസ്റ്റീനാ എന്നു രണ്ടുപുത്രിമാരുണ്ട്.

ബിനോയി ആന്റണി കുണിഞ്ഞി ആറ്റുപുറത്തു പ്രൊഫ. ജോർജ് ജോസഫ്, ഗ്രേസിക്കുട്ടി ദമ്പതികളുടെ മകൾ ഷീബയെ വധുവായി വരിച്ചു. ഈ യുവദമ്പതികളിപ്പോൾ കാലിഫോർണി യായിൽ സോഫ്റ്റ് വെയർസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു.

## തമ്പഴ ഔസേപ്പിന്റെ മകൾ ഐക്കര അന്ന

തമ്പഴ ഔസേപ്പ് - അന്ന ദമ്പതികളുടെ മൂത്തമകൾ അന്നയെ മറ്റക്കര ഐക്കര വർക്കി - ഏലി മകൻ ജോസഫ് വിവാഹം ചെയ്തു.

അന്ന - ജോസഫ് ദമ്പതികൾക്ക് ഒരു പുത്രനും ഏഴുപുത്രിമാരും ജാതരായി.

പിതാവ് ജോസഫ് 1940 ഒക്ടോബർ 6-ാം തീയതിയും മാതാവ് അന്ന 1979 ജൂലൈ 24-ാം തീയതിയും ജീവിതത്തിൽനിന്നു കടന്നുപോയി.

മൂത്തമകൾ മാമ്മി (ഏലി) യെ മൂഴൂർ പറമ്പകത്തു കുഞ്ഞൗസേപ്പ് - ത്രേസ്യാ മകൻ മാത്തു (കൊച്ച്) സ്വകുടുംബിനിയാക്കി. കൊച്ച് 1998-ലും മാമ്മി 1999 - ലും സമാപ്തചരിതയായി. ഇവരുടെ മക്കൾ ഇപ്പോൾ ഇരിട്ടിയിലാണ് താമസിക്കുന്നത്.

രണ്ടാമത്തെ മകൾ അന്ന (കുഞ്ഞുപെണ്ണ്) യെ മഞ്ഞാമറ്റം കിഴക്കേൽ കുര്യാക്കോസ് വിവാഹം കഴിച്ചു. കുഞ്ഞുപെണ്ണ് 1952 -ലും കുര്യാക്കോസ് 2000-ാ മാണ്ടിലും ലോകത്തോടുവിടവാങ്ങി.

മൂന്നാമത്തെ മകൾ ത്രേസ്യാമ്മയെ മറ്റക്കര ചിറവേലിൽ വർക്കി - ഏലി മകൻ മാത്യു വിവാഹം കഴിച്ചു. ഈ കുടുംബം ആലക്കോട്ടാണ് താമസം.

നാലാമത്തെ മകൾ ചിന്നമ്മ ചെറുവാണ്ടൂർ പ്ലാത്തോട്ടത്തിൽ ഔസേപ്പു മറിയം മകൻ ദേവസ്യായുടെ കുടുംബിനിയാണ്. ഈ കുടുംബം വെള്ളത്തൂവലിൽ താമസിക്കുന്നു.

അന്ന - ജോസഫ് ദമ്പതികളുടെ ഏക പുത്രൻ പാപ്പച്ചൻ (വർക്കി) ഉരുളികുന്നം, കാഞ്ഞോല ഔത - റോസ മകൾ ത്രേസ്യാമ്മയെ സ്വകുടുംബിനിയാക്കി. ഈ ദമ്പതികൾക്ക് രണ്ടുപുത്രന്മാരും ഒരു പുത്രിയുമുണ്ട്. ഇവർ മറ്റക്കര തറവാട്ടിൽ താമസിക്കുന്നു.

അന്ന - ജോസഫ് ദമ്പതികളുടെ അഞ്ചാമത്തെ മകൾ മേരിയെ തോടനാൽ പാറത്താനത്ത് കുഞ്ഞൂഞ്ഞ് (വർക്കി) വിവാഹം കഴിച്ചു. കുഞ്ഞൂഞ്ഞ് 2002-ൽ മരണം പ്രാപിച്ചു.

ആറാമത്തെ മകൾ റോസമ്മയെ ചെമ്പ്ളാവിൽ കീരംപിറ അവിരാ ഏലി മകൻ വർക്കി വിവാഹം കഴിച്ചു. ഈ കുടുംബം ചെമ്പ്ളാവിൽ താമസിക്കുന്നു.

അന്ന - ജോസഫ് ദമ്പതികളുടെ ഏഴാമത്തെപുത്രി അച്ചാമ്മ (കത്രീന) യെ കൊഴുവനാൽ വടക്കേൽ ഔത ഏലി മകൻ മാത്തു വധുവായി വരിച്ചു. അച്ചാമ്മ 2002-ൽ മരണം പ്രാപിച്ചു. ഈ കുടുംബം കുപ്പഞ്ചാമ്പടിയിലാണ് താമസിക്കുന്നത്.

തമ്പഴ ഔസേപ്പ് - അന്ന ദമ്പതിമാരുടെ രണ്ടാമത്തെ മകൾ പരുന്തിരിക്കൽ ഏലി.

തമ്പഴ ഔസേപ്പ് - അന്ന ദമ്പതികളുടെ രണ്ടാമത്തെ മകൾ ഏലിയെ തോടനാൽ പരുന്തിരിയ്ക്കൽ അവിരാ റോസ മകൻ കുര്യൻ മംഗല്യം ചാർത്തി.

ഏലി - കുര്യൻ ദമ്പതികൾക്ക് മൂന്നുപുത്രന്മാരും രണ്ടു പുത്രിമാരും ജാതരായി.

പിതാവ് കുര്യൻ 1990-ലും മാതാവ് ഏലി 1993 ലും ഇഹലോകവാസം വെടിഞ്ഞു.

ഏലി - കുര്യൻ ദമ്പതികളുടെ മൂത്ത മകൻ പാപ്പച്ചൻ (ജോസഫ്) ശ്രീകണ്ഠാപുരം കൊച്ചുപറമ്പിൽ മാത്തു കുഞ്ഞുപെണ്ണ് മകൾ ത്രേസ്യായെ മന്ത്രകോടിയണിയിച്ചു. ഈ കുടുംബം തോടനാൽ തന്നെ താമസിക്കുന്നു.

രണ്ടാമത്തെ മകൻ കുട്ടപ്പൻ (അബ്രാഹം) ആലക്കോട്ട് മരുതുക്കുന്നേൽ ചാക്കോ - അന്ന മകൾ മറിയക്കുട്ടിയെ പരിണയിച്ചു. ഇവർ തോടനാൽ തറവാട്ടിൽ താമസിക്കുന്നു.

ഏലി - കുര്യൻ ദമ്പതികളുടെ ഇളയമകൻ കുര്യാച്ചൻ പൂവരണി പൂവത്താനിയിൽ ഔസേപ്പ് - ഏലി മകൾ ആലീസിനെ സഹധർമ്മിണിയാക്കി. ഈ കുടുംബം മല്ലികശ്ശേരിയിൽ താമസിക്കുന്നു.

ഏലി - കുര്യൻ ദമ്പതികളുടെ മൂത്തപുത്രി തെയ്യാമ്മ പൂവത്തോട് പെരുവാച്ചിറ ദേവസ്യാ അന്ന മകൻ പി.ഡി. ജോസഫിന്റെ കുടുംബിനിയാണ്. തെയ്യാമ്മ പാലാ രൂപത വക സ്കൂളുകളിൽ അധ്യാപികയായിരുന്നു. റിട്ടയർ ചെയ്ത് ഇപ്പോൾ ചേരാനിയിൽ താമസിക്കുന്നു.

ഏലി - കുര്യൻ ദമ്പതികളുടെ ഇളയ പുത്രി മാമ്മി (അന്നമ്മ) സലേഷ്യൻ കോൺഗ്രിഗേഷനിൽ ചേർന്ന് വ്രതബദ്ധമായ സന്യാസം സ്വീകരിച്ചു. ഇപ്പോൾ ബാംഗ്ലൂർ സന്യാസഭവനത്തിൽ ശുശ്രൂഷാ നിരതയായി വർത്തിക്കുന്നു.

## തമ്പഴ ഔസേപ്പ് - അന്ന മകൾ കുഞ്ഞുമറിയം

മരങ്ങാട്ടിൽ കുഞ്ഞുമറിയം ഔസേപ്പ് - അന്ന ദമ്പതികളുടെ ഇളയമകൾ കുഞ്ഞുമറിയത്തെ ആറുമാനൂർ മരങ്ങാട്ടിൽ മാത്തൻ - ഏലിയാമ്മ ദമ്പതികളുടെ മകൻ ഫിലിപ്പ് മംഗല്യം ചാർത്തി. കുഞ്ഞു മറിയാ - ഫിലിപ്പ് ദമ്പതികൾക്ക് രണ്ടുപുത്രന്മാരും മൂന്നുപുത്രി മാരും ജാതരായി.

പിതാവ് ഫിലിപ്പ് 1940 ജൂൺ 26-ാം തീയതിയും മാതാവ് കുഞ്ഞു മറിയം 1989 മാർച്ച് 18-ാം തീയതിയും അന്തരിച്ചു.

ഇവരുടെ മൂത്തമകൻ (പാപ്പച്ചൻ) മാത്യു മറ്റക്കര വാക്കയിൽ മാത്യുവിന്റെ മകൾ തങ്കമ്മയെ വിവാഹം കഴിച്ചു. ഇവർ തറവാട്ടിൽ താമസിക്കുന്നു.

കുഞ്ഞുമറിയം - ഫിലിപ്പ് ദമ്പതികളുടെ മൂത്തമകൾ കുട്ടിയമ്മ കടപ്ലാമറ്റം കൈപ്പള്ളി ലൂക്കാ - ഏലി മകൻ ജോസഫിന്റെ ധർമ്മ ദാരങ്ങളാണ്.

കുട്ടിയമ്മ 2001-ൽ എല്ലാവരെയും ദുഃഖത്തിലാഴ്ത്തിക്കൊണ്ട് ഇഹലോകവാസം വിട്ടു പിരിഞ്ഞു. ഫിലിപ്പും മറ്റുകുടുംബാംഗങ്ങളും പുൽപ്പള്ളിയിലാണ്. ഇപ്പോൾ താമസം.

കുഞ്ഞുമറിയം - ഫിലിപ്പു ദമ്പതികളുടെ രണ്ടാമത്തെ മകൾ ചിന്നമ്മ 1954-ൽ സന്യാസസഭയിൽ അംഗത്വം സ്വീകരിച്ചു. സി. ജസീനാ എന്ന സന്യാസ നാമത്തിൽ അറിയപ്പെടുന്നു. പാലായി ലുള്ള സ്നേഹാലയം മഠത്തിലാണ് സി. ജസീനാ ഇപ്പോൾ ശുശ്രൂഷാ ജീവിതം നയിക്കുന്നത്.

ഇളയ മകൾ മേരിയും സന്യാസ ദൈവവിളിക്കു കാതോർത്ത് 1955-ൽ ഫ്രാൻസിസ്ക്കൻ കോൺഗ്രിഗേഷനിൽ ചേർന്നു. സി. സെലീനാ എന്ന പേരിലാണ് ഈ സഹോദരി ഇപ്പോൾ അറിയപ്പെ ടുന്നത്. സി. സെലീനാ ഇപ്പോൾ ഡൽഹി കേന്ദ്രത്തിലാണ് സേവനം അനുഷ്ഠിക്കുന്നത്.

കുഞ്ഞുമറിയം - ഫിലിപ്പ് ദമ്പതികളുടെ ഇളയമകൻ കുട്ടപ്പൻ (ജോസഫ്) റബ്ബർ ബോർഡ് ഉദ്യോഗസ്ഥനായിരുന്നു. തേവരഞ്ഞി യിൽ കുരുവിള - അന്നമ്മ ദമ്പതികളുടെ പുത്രി കുഞ്ഞൂഞ്ഞമ്മ

യാണ് ജീവിതപങ്കാളി. സർവീസിൽ നിന്നു വിരമിച്ച് കുട്ടപ്പനും കുടുംബവും തറവാടിനുസമീപം പുതിയ വീടു നിർമ്മിച്ചതിൽ താമസിക്കുന്നു.

## തമ്പഴ - ഔസേപ്പു തൊമ്മൻ



**മണിയങ്ങാട്ട് തമ്പഴ ഔസേപ്പ് തൊമ്മനും ഭാര്യയും**

മണിയങ്ങാട്ട് ഔസേപ്പ് അന്ന ദമ്പതികളുടെ ഇളയ പുത്രൻ തൊമ്മൻ 1909 ഏപ്രിൽ 14-ന് ഭൂജാതനായി. കൊഴുവനാൽ പൊന്നും പുരയിടത്തിൽ മത്തായി - ത്രേസ്യാമ്മ ദമ്പതികളുടെ പുത്രി അന്നമ്മയെ 1925-ൽ തൊമ്മൻ സ്വകുടുംബിനിയാക്കി.

ഈ ദമ്പതികൾക്ക് നാലുപുത്രന്മാരും ഒരുപുത്രിയും ജാതരായി.

പിതാവ് തൊമ്മൻ 2000-ാ മാണ്ട് ഒക്ടോബർ 10-ാം തീയതി കാലയവനിക്കുള്ളിൽ മറഞ്ഞു. മാതാവ് അന്നമ്മ 84-ാം വയസ്സിൽ 1996 നവംബർ 3-ാം തീയതി നിര്യാതയായിരുന്നു.

## ഫാ. ജോസഫ് മണിയങ്ങാട്ട്

തൊമ്മൻ - അന്നമ്മ ദമ്പതികളുടെ മൂത്തപുത്രൻ ജോസഫ് 1930-ജനുവരി 12-ാം തീയതി ജനിച്ചു. മുത്തോലി സ്കൂളിൽ എസ്.എസ്.എൽ.സി. വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം വൈദിക

പഠനാർത്ഥം പാലാ മൈനർ സെമിനാരിയിൽ ചേർന്നു. 1960-ൽ പൗരോഹിത്യാഭിഷിക്തനായി. തുടർന്ന് തീക്കോയി, കാഞ്ഞിരമറ്റം കുറവിലങ്ങാട് എന്നീ പള്ളികളിൽ അസിസ്റ്റന്റ് വികാരിയായും മാൻവെട്ടം കുടയത്തൂർ, പെരിങ്ങുളം, അന്തീനാട് കവീക്കുന്ന് അമ്പാറനിരപ്പേൽ കുടക്കച്ചിറ, കുറുമണ്ണ് പള്ളികളിൽ വികാരിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഫാ. ജോസഫ് മണിയങ്ങാട്ട് ഈ കുടുംബയോഗത്തിന്റെ രക്ഷാധികാരിയാണെന്നുള്ള വസ്തുതയും പ്രത്യേകം പ്രസ്താവ്യമാണ്. ഇപ്പോൾ വിശ്രമാർത്ഥം കൊഴുവനാൽ പള്ളിയിൽ വസിക്കുന്നു.

## ഫാ. തോമസ് മണിയങ്ങാട്ട് എം.എസ്.സി.

1945 ഒക്ടോബർ 4-ന് ജനിച്ചു. മണലുങ്കൽ സ്കൂളിൽ നിന്ന് എസ്.എസ്.എൽ.സി. വിദ്യാഭ്യാസം പൂർത്തിയാക്കി. പാലാ സെന്റ് തോമസ് കോളേജിൽ നിന്നു സയൻസിൽ മാസ്റ്റർ ബിരുദവും നേടി. തുടർന്ന്, സ്വന്തം ദൈവവിളി തിരിച്ചറിഞ്ഞ് വൈദികപഠനത്തിനായി പാലാ മൈനർ സെമിനാരിയിൽ വൈദികാർത്ഥിയായി ചേർന്നു. യഥാകാലം മേജർ സെമിനാരി പഠനം പൂർത്തിയാക്കി 1980 ഏപ്രിൽ 8-ാം തീയതി പൗരോഹിത്യത്തികവിൽ പ്രഥമദിവ്യബലി അർപ്പിച്ചു. കുടക്കച്ചിറ, കളത്തൂർ, രാമപുരം എന്നീപള്ളികളിൽ സഹവികാരിയായി സേവനം അനുഷ്ഠിച്ചു.

തുടർന്ന്, പാലാ സെന്റ് തോമസ് ഹൈസ്കൂൾ, രാമപുരം സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ, മണലുങ്കൽ സെന്റ് അലോഷ്യസ് ഹൈസ്കൂൾ എന്നീ വിദ്യാലയങ്ങളിൽ അധ്യാപനം നിർവഹിച്ചു. ഹെഡ്മാസ്റ്ററായിരിക്കെ മണലുങ്കൽ സ്കൂളിൽ നിന്നു വിരമിക്കുകയും ചെയ്തു.

ഇപ്പോൾ നീലൂർ സെന്റ് ജോസഫ്സ് ഇംഗ്ലീഷ്മീഡിയം ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലായി സേവനം തുടരുന്നു.



മണിയങ്ങാട്ട് തമ്പഴ മത്തച്ചനും കുടുംബവും

തൊമ്മൻ - അന്നമ്മ ദമ്പതിമാരുടെ ദ്വിതീയപുത്രനും ഫാ. തോമസിന്റെ ജ്യേഷ്ഠനുമായ മത്തച്ചൻ 1937 നവംബർ 5-ാം തീയതി ജനിച്ചു. വിദ്യാഭ്യാസത്തിനുശേഷം കൊരട്ടി പുത്തൻപള്ളി ഇടവക താമരക്കുന്നേൽ മത്തായി - അന്നമ്മ ദമ്പതികളുടെ മൂന്നാമത്തെ പുത്രി ഏലിയാമ്മയെ സ്വന്തം കുടുംബനാഥയായി വരിച്ചു. ഈ ദമ്പതികൾക്ക് നാലുപുത്രന്മാരും രണ്ടുപുത്രിമാരും ഉണ്ട്. ഈ കുടുംബം പള്ളിക്കത്തോട്ടിൽ താമസിക്കുന്നു.

മത്തച്ചൻ - ഏലിയാമ്മ ദമ്പതികളുടെ മൂത്തമകൾ ആനിയമ്മ 1961 ജൂൺ 29-നു ജനിച്ചു. ആനിക്കാട്ട് കയ്യൂരി തെനിയപ്ലാക്കൽ അവിരാ - അന്നമ്മ ദമ്പതികളുടെ മകൻ ജോർജുകുട്ടി 1984 ജനുവരി 26-ന് ആനിയമ്മയെ പാണിഗ്രഹണം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ടുകുട്ടികളുണ്ട്.

മത്തച്ചൻ - ഏലിയാമ്മ ദമ്പതികളുടെ ഇരട്ട സന്താനങ്ങളായ തോമസുകുട്ടിയും മാത്തുകുട്ടിയും 1966 ജൂലൈ 3-ാം തീയതിയാണ് ജനിച്ചത്.

തോമസുകുട്ടി പാലാക്കാട്, കല്ലക്കുളത്ത് മാത്യു - അന്നമ്മ ദമ്പതികളുടെ പുത്രി എലിസബത്തിനെ (ജെസി) വിവാഹം കഴിച്ചു. ഇവർക്ക് ജീനാ എന്നൊരുപുത്രിയുണ്ട്. ഈ കുടുംബം ചിറക്കടവിലാണ് താമസം.

മാത്തുകുട്ടി കാഞ്ഞിരപ്പള്ളി, അഞ്ചലിപ്പ ഇടവക പുൽപ്പേൽ ജോസ് - മേരി ദമ്പതികളുടെ പുത്രി അന്നമ്മയെ (ജെസി) പരിണയിച്ചു. ഇവർക്ക് ക്രിസ്റ്റി, മാത്യു എന്ന രണ്ടുകുട്ടികളുണ്ട്. ഈ കുടുംബം പള്ളിക്കത്തോട്ടിൽ താമസിക്കുന്നു.

മത്തച്ചൻ - ഏലിയാമ്മ ദമ്പതികളുടെ നാലാമത്തെ സന്താനമായ ജോസുകുട്ടി 1968 ഒക്ടോബർ 3-ന് ജനിച്ചു. ഇളങ്ങുളം വട്ടക്കുന്നേൽ ജോസഫ് - റോസമ്മ ദമ്പതികളുടെ പുത്രി റോസമ്മയെ 1997 മെയ് 12-ാം തീയതി ജോസുകുട്ടി വിവാഹം ചെയ്തു. ഡോൺ, സാൻ എന്ന് രണ്ട് ആൺമക്കൾ ഉണ്ട്.

മത്തച്ചൻ - ഏലിയാമ്മമാരുടെ അഞ്ചാമത്തെ സന്താനമായ മോളി 1970 ഡിസംബർ 29-നു ജനിച്ചു. നഴ്സിംഗ് പരിശീലനത്തിനുശേഷം കുര്യനാട് മുണ്ടിയാനിപ്പുറത്തു സെബാസ്റ്റ്യൻ ക്ലാരമ്മ ദമ്പതികളുടെ മകൻ ബാബു മോളിയെ വിവാഹം ചെയ്തു. 1998 ആഗസ്റ്റ് 22-ാം തീയതി ആയിരുന്നു അവരുടെ മംഗല്യം. മോളി ഇപ്പോൾ മസ്ക്കറ്റിൽ ജോലി ചെയ്യുന്നു. ഈ ദമ്പതികൾക്ക് ഒരു പുത്രിയുണ്ട്.

മത്തച്ചൻ - ഏലിയാമ്മ ദമ്പതികളുടെ ആറാമത്തെ സന്താനമായ ജോമോൻ (മാർട്ടിൻ) 1980 മെയ് 11-നു ജനിച്ചു. മെയിൽ നഴ്സിംഗ് പഠനത്തിനുശേഷം മംഗലാപുരത്ത് പ്രായോഗികപരിശീലനം തേടുന്നു.



തമ്പഴ മണിയങ്ങാട്ട് അപ്പച്ചനും കുടുംബവും

തൊമ്മൻ-അന്നമ്മ ദമ്പതികളുടെ നാലാമത്തെ പുത്രൻ ലൂക്കോസ് (അപ്പച്ചൻ) 1941 ഫെബ്രുവരി 29-ാം തീയതി ജനിച്ചു. മണലുങ്കൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം, ആർപ്പൂക്കര ചാവറ ഡൊമിനിക്ക് - മറിയം ദമ്പതികളുടെ പുത്രി മേരി (പെണ്ണമ്മ) യെ സ്വകുടുംബിനിയാക്കി. 1962 ജൂൺ 25-നായി രുന്നു ലൂക്കോസ് മേരി മാരുടെ മംഗല്യം ചാർത്തൽ.

ഈ ദമ്പതികൾക്ക് അന്ന (സൂസമ്മ) മറിയം (സിസമ്മ) തോമസ് (സിബി) ജോസഫ് (സാജു) അൽഫോൻസാ (സുമ) ലൂക്കാ (സജീവ്) മാർട്ടിൻ (സണ്ണി) എന്നീ ഏഴുമക്കൾ ജാതരായി.

മൂത്തമകൾ സൂസമ്മ 1964 ജൂലൈ 10-ന് ഭൂജാതയായി. ബി.എ സ്.സി. ബി.എഡ്. വിദ്യാഭ്യാസാനന്തരം 1990 മേയ് 27-ാം തീയതി സൂസമ്മ വിവാഹിതയായി. ചേർപ്പുങ്കൽ കോലടി, കുടിയിരിപ്പിൽ ഔതക്കുട്ടി - റോസക്കുട്ടി ദമ്പതികളുടെ തൃതീയപുത്രൻ ജോണി യാണ് കണവൻ. ഈ ദമ്പതികൾക്ക് ജോസൻ, ജെസൻ എന്നു രണ്ടുപുത്രന്മാരുണ്ട്.

ജോണി ഡയറി ഡിപ്പാർട്ടുമെന്റിലും സൂസമ്മ ഭരണങ്ങാനം അൽഫോൻസാ റസിഡൻഷ്യൽ സ്കൂളിലും ജോലി നോക്കുന്നു.

ലൂക്കോസ് - മേരി ദമ്പതികളുടെ രണ്ടാമത്തെ പുത്രി സിസമ്മ 1967 ജൂൺ 15-നു ജനിച്ചു ജനറൽനഴ്സിംഗ് പാസ്സായശേഷം 1995 ഒക്ടോബർ 16-ന് വിവാഹജീവിതത്തിൽ പ്രവേശിച്ചു. കരിമ്പാനി മൈലാടിയിൽ കുഞ്ഞാഗസ്തി - ആനിയമ്മ ദമ്പതികളുടെ മൂത്ത മകൻ തോമസ് സിസമ്മയെ മന്ത്രകോടിയണിയിച്ചു. ഈ യുവദമ്പ തികൾ മസ്ക്കറ്റിൽ ജീവിതഭാഗധേയം കണ്ടെത്തിയിരിക്കുന്നു. ഇവർക്ക് ജെന്നിഫർ എന്നൊരുപുത്രിയുണ്ട്.

ലൂക്കോസ് - മേരി ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ സിബിച്ചൻ 1969 ഓഗസ്റ്റ് 10-ാം തീയതി ജനിച്ചു. ബി.എസ്.സി. പഠ നത്തിനുശേഷം കമ്പ്യൂട്ടർ ഡിപ്ലോമയും കരസ്ഥമാക്കി. കാക്കത്തു രുത്തേൽ പാപ്പച്ചന്റെ മകൾ ജോളിയെ 1999 ഏപ്രിൽ 19-ന് സിബി ച്ചൻ പാണിഗ്രഹണം ചെയ്തു. ജോളി ഡൽഹി ആൾ ഇൻഡ്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ സേവനം ചെയ്യുന്നു. സിബിച്ചനും ഡൽ ഹിയിൽ ജോലിയിലിരിക്കുന്നു.

ലൂക്കോസ് - മേരി ദമ്പതികളുടെ നാലാമത്തെ സന്താനമായ സാജു 1971 ഒക്ടോബർ 8-നു ജനിച്ചു. ബി.എ. വിദ്യാഭ്യാസം കഴിഞ്ഞശേഷം കുറേക്കാലം ട്രാവൽ ഏജൻസിയിൽ ജോലി നോക്കി. ഇപ്പോൾ കുടുംബകാര്യങ്ങളിൽ വ്യാപൃതനായി കഴിയുന്നു.

ലൂക്കോസ് - മേരി ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായ സുമ 1973 മാർച്ച് 24-നു ജനിച്ചു. ജനറൽ നഴ്സിംഗ് കഴിഞ്ഞ് ഡൽഹിയിൽ കുറേക്കാലം ജോലി നോക്കി. ഇപ്പോൾ സൗദിയിൽ ജോലിയിലാണ്.

ലൂക്കോസ് - മേരി ദമ്പതികളുടെ ആറാമത്തെ സന്താനമായ സജീവ് 1975 ഏപ്രിൽ 13 ന് ജനിച്ചു. തൃശിനാപ്പള്ളിയിൽ എം.സി.എ. പഠനം പൂർത്തിയാക്കി. ഇപ്പോൾ മറ്റക്കര പൊളിടെക്നിക്കിൽ (ഐ.ച്ച്.ആർ.ഡി) ജോലിചെയ്യുന്നു.

ലൂക്കോസ് - മേരി ദമ്പതികളുടെ ഏഴാമത്തെ സന്താനമായ സണ്ണി 1976 മെയ് - 8 നു ജനിച്ചു. മെയിൽ നഴ്സിംഗ് പരിശീലനത്തിനുശേഷം ഡൽഹിയിൽ ജോലിയിലായിരുന്നു. ഇപ്പോൾ യു.കെ.യിൽ ജോലി നോക്കുന്നു.

മണിയങ്ങാട്ടു തമ്പഴ ഔസേപ്പു തൊമ്മൻ - അന്നമ്മ ദമ്പതികളുടെ ഏകപുത്രി പെണ്ണമ്മ 1948 മാർച്ച് 24-നു ജനിച്ചു. മണലുങ്കൽ സ്കൂളിൽ എസ്.എസ്.എൽ.സി. വിദ്യാഭ്യാസത്തിനുശേഷം പാലാ അൽഫോൻസാകോളേജിൽ നിന്നും ബി.എ. ബിരുദം കരസ്ഥമാക്കി. വഴിത്തല കൊച്ചുപറമ്പിൽ എബ്രാഹം - ഏലിയാമ്മ ദമ്പതികളുടെ മൂന്നാമത്തെ മകൻ ജോസ് 1974 ജൂൺ 6-ാം തീയതി പെണ്ണമ്മയെ സ്വവധുവായി വരിച്ചു. ഈ ദമ്പതികൾക്ക് ജോബി, അജു എന്നുരണ്ടുപുത്രന്മാരുണ്ട്. ജോബി ബി.എ. പൂർത്തിയാക്കിയശേഷം സ്വന്തമായി ബിസിനസ് നടത്തുന്നു. അജു ബി.കോം പാസ്സായശേഷം സി.എ.ക്കു പഠിക്കുന്നു.

